പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 499

23.7.2015 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ ;<br>ശ്രീ. എളമരം കരീം ;<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ ;<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) മാറി മാറി വരുന്ന സർക്കാരുകളുടെ നയവും നിലപാടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ പ്രതിഫലിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിട്ടുള്ള നയവും നിലപാടുകളുമാണ് കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സ്ഥായിയായ നയസമീപനങ്ങളാണ് അവയുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തമമായിട്ടുള്ളത്. എന്നാൽ നയങ്ങളിലും നിലപാടുകളിലും വരുത്തുന്ന കാതലായ വ്യതിയാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സ്വാധീനിക്കാറുണ്ട്.<br><br>ആഗോള തലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഉൽപാദന പ്രക്രിയയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണവും നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസവും വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. |
| ബി) പൊതുമേഖലാ സ്ഥാപനങ്ങൾ പുരോഗതിയിലെത്തിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോ ; | ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കായി മുൻ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായുള്ള നയസമീപനമാണ് ഈ സർക്കാരും സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ മൂലം ഏറ്റക്കുറച്ചിലുകളു-ണ്ടാകാറുണ്ട്. കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെയ്ക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവ ആക്കുന്നതിന് |

കൂടുതൽ ധനസഹായം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

മുൻ നിശ്ചയിച്ച പ്രവർത്തന ബഡ്ജറ്റിനെ അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകിവരുന്നു. ലാഭ നഷ്ട കണക്കുകൾക്ക് കൃത്യത വരുത്തുന്നതിന് വേണ്ടി വാർഷിക ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് സാമ്പത്തിക സഹായമായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 718.50 കോടി രൂപ നൽകിയിട്ടുണ്ട്. എന്നിരുന്നാലും വിപണിയിലെ വ്യതിയാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കാറുണ്ട്. ആഗോളതലത്തിൽ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ തകർച്ച മൂലമാണ് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതീക്ഷിച്ച പ്രവർത്തന മികവ് ഉണ്ടാക്കാതിരുന്നത്.

സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടും ഈ സർക്കാരിന്റെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടും വിലയിരുത്തിയിട്ടുണ്ടോ ; വിശകലനം ചെയ്തു വിശദമാക്കാമോ ?

സി) ഉണ്ട്. കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ എല്ലാ സാമ്പത്തിക വർഷത്തേയും ആഡിറ്റ് റിപ്പോർട്ടും വിശദമായി വിശകലനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പെർഫോർമൻസ് ആഡിറ്റിന്റെ ഭാഗമായും ഇടപാടുകളെക്കുറിച്ച് കമ്പ്ലയൻസ് ആഡിറ്റിന്റെ ഭാഗമായും വിശദമായ വിലയിരുത്തലും പരാമർശങ്ങളും ആഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആഡിറ്റ് റിപ്പോർട്ടിലുള്ള പരാമർശങ്ങളെക്കുറിച്ച വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ